പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2079 **26-10-2026-ൽ മറുപടിയ്ക്ക്**

ഇ വാലറ്റ് റേഷൻ വിതരണ സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. നീലകണ്ഠൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) മൊബൈൽ ഫോണും അതുമായി ബന്ധിപ്പിച്ച ഇ വാലറ്റ് സേവനവും ഉൾപ്പെടുത്തിയുള്ള റേഷൻ വിതരണ സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുമോ; വ്യക്തമാക്കുമോ;

മറുപടി: ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തിലെ മഞ്ഞ, പിങ്ക് കാർഡ് ഉടമകൾക്ക് PMGKAY പദ്ധതി പ്രകാരം സൗജന്യമായി ലഭ്യമാക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണം മൊബൈൽ ഫോണും അതുമായി ബന്ധിപ്പിച്ച ഇ വാലറ്റ് സേവനവും ഉൾപ്പെടുത്തി (CBDC) സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

(ബി) റിസർവ് ബാങ്ക് പുറത്തിറക്കിയ ഡിജിറ്റൽ കറൻസിയായ ഇ-രൂപ്പി, കേന്ദ്രം സൗജന്യമായി റേഷൻ നൽകുന്ന മുൻഗണനാ വിഭാഗത്തിലെ മഞ്ഞ, പിങ്ക് കാർഡ് ഉടമകൾക്ക് ലഭിക്കുന്ന തരത്തിലാകുമോ പദ്ധതി നടപ്പാക്കുക എന്ന് അറിയിക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) റേഷൻ സബ്സിഡി അല്ലെങ്കിൽ സൗജന്യ ധാന്യങ്ങൾക്കുള്ള പണം ഇ-രൂപ്പി ടോക്കണുകളായി ഉപയോക്താക്കളുടെ ഫോണിലെ ഇ-രൂപ്പി വാലറ്റിലെത്തുന്ന രീതിയിലാണോ പദ്ധതി ആവിഷ്കരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

മറുപടി: സൗജന്യ ധാന്യങ്ങൾക്കുള്ള സബ്സിഡി തുക കണക്കാക്കി CBDC ടോക്കണുകളായി ഉപഭോക്താക്കളുടെ ആധാറുമായി ബന്ധിപ്പിച്ച ഫോൺ നമ്പറിൽ ലഭ്യമാക്കുന്ന വാലറ്റിലൂടെ റേഷൻ ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനായി ഉപയോഗിക്കുന്ന രീതിയിൽ ആണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) റേഷൻ വിതരണത്തിലെ തട്ടിപ്പുകളും ക്രമക്കേടുകളും ഈ സംവിധാനത്തിലൂടെ കുറയ്ക്കാൻ കഴിയുമോ എന്നും സംസ്ഥാനത്ത് തുടക്കത്തിൽ എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

<u>മറുപടി:</u> റേഷൻ വിതരണം സുതാര്യമാക്കുന്നതിനായി ആധാർ അധിഷ്ഠിത ബയോമെട്രിക് ഓതന്റിക്കേഷൻ (e-PoS) മെഷീനുകൾ ഉപയോഗിച്ചാണ് കേരളത്തിൽ നിലവിൽ റേഷൻ വിതരണം നടത്തുന്നത്. റേഷൻ വിതരണത്തിൽ സുതാര്യത ഉറപ്പാക്കുന്ന വിധമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ